# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.7983** — **24.07.2012 ൽ മറുപടിക്ക്**

## വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ. | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (എ) | അമിതവേഗതയും, റോഡിന്റെ ശോചനീയാവസ്ഥയും അപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജ്ജുകളിലും, ഹെവി വാഹനങ്ങളിലും, ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും, ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്.<br><br>കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം ട്രാൻസ്പോർട്ട് നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ ടിപ്പർ ലോറികളുടേയും വിദ്യാഭ്യാസ സ്ഥപനങ്ങളിലെ വാഹനങ്ങളുടേയും ഡ്രൈവർമാർക്കും പ്രത്യേക പരിശീലനം കൊടുത്തുവരുന്നു.<br><br>ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും, മേഖലാതലത്തിൽ അത്യാധുനിക |

| | | | |
|---|---|---|---|
| | | | റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി പരിഹാര നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ചേർത്തല-മണ്ണൂത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചേർത്തല-അരൂർ ഭാഗത്ത് സർവൈലൻസ് ക്യാമറകൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു.<br><br>റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് സ്പീഡ് റഡാറുകൾ ഉപയോഗിച്ചും പ്രധാനപ്പെട്ട കവലകളിൽ ക്യാമറാ സംവിധാനം, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ എന്നിവ സ്ഥാപിച്ചും, ഇന്റർസെപ്ടറുകൾ, ആൽക്കോ മീറ്റർ എന്നിവ വഴിയും ഉള്ള പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ മോട്ടോർ വാഹന നിയമ ലംഘനം കണ്ടുപിടിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർ കർശന വാഹന പരിശോധന നടത്തിയും വരുന്നു. ഇവ കൂടാതെ റോഡ് സുരക്ഷാ ക്ലാസ്സുകൾ, ചോദ്യോത്തര പരിപാടികൾ, ഫോട്ടോ പ്രദർശനം, ലഘുനാടകം തുടങ്ങിയവ കേരളത്തിലാകമാനം വിവിധ സ്കൂളുകളിൽ സംഘടിപ്പിച്ചു വരുന്നു. ട്രാഫിക് നിയമങ്ങൾ അച്ചടിച്ച ലഘുലേഖകൾ, പുസ്തകങ്ങൾ തുടങ്ങിയവ സ്കൂളുകളിലും, പൊതു ജനങ്ങൾക്കും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു. |
| (ബി) | മോട്ടോർവാഹന വകുപ്പിനു കീഴിൽ വാഹന പരി ശോധനയ്ക്കായി നിലവിൽ എത്ര എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തി ക്കുന്നെണ്ടെന്നും അത് എവിടെയൊക്കെയെന്നും വിശദമാക്കാമോ; | (ബി) | മോട്ടോർ വാഹന വകുപ്പിനു കീഴിൽ വാഹന പരിശോധനയ്ക്കായി നിലവിൽ 34 എൻഫോഴ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു; തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ 4 വീതവും, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 3 വീതവും, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, കണ്ണൂർ ജില്ലകലിൽ 2 വീതവും, വയനാട്, കാസർകോട് ജില്ലകളിൽ 1 വീതവും. |
| (സി) | ഇനി സംസ്ഥാനത്ത് എൻഫോഴ്സ്മെന്റ് സ്ക്വാ ഡുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെ ടുത്താമോ; | (സി) | എൻഫോഴ്സ്മെന്റ് വിംഗ് ഉൾപ്പെടെ മോട്ടോർ വാഹന വകുപ്പിൽ അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഈ സർക്കാർ അധി കാരത്തിൽ വന്നതിനു ശേഷം വാഹന അപ കടങ്ങളിൽപ്പെട്ട എത്ര പേരുടെ ലൈസൻസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | 4448 ലൈസെൻസുകൾ സസ്പെൻഡ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.